
# ഹാപ്പി വോയ്സ്

സന്തോഷ ധ്വനി

VOL.24 SEPTEMBER NO.9



RN.NO.70681\97. POSTAL.L.NO. G.KCH.118 /2012- 2014

Pray...Pray...Pray

## Mega Convention

**Place:**
Ghalkadi Village Ground

**Date:**
6,7,8 November 2012

**Speaker:**
Bro.Philip Kutty-Punalur

**Gospel Music by:**
Bro.Edwin Paul & Team

പ്രത്യേകത:

വടക്കേയിന്ത്യൻ ബ്രദറൺ സഭകളുടെ ചരിത്രത്തിൽ ആദ്യമായി ജാതിമതഭേദമെന്യേ പതിനായിരം പേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബ്രദറൺ മെഗാ കൺവെൻഷൻ.

**Organized by:**
Gujarat Brethren Bible Institute.

### വായനക്കാരുടെ അടിയന്തര ശ്രദ്ധയ്ക്ക്

ഹാപ്പിവോയ്സിന്റെ മെയ്ലിംഗ് ലിസ്റ്റ് പുതുക്കുകയാണ്. വിലാസമാററമുള്ളവർ ദയവായി അറിയിച്ചാലും. (ചീഫ് എഡിററർ)

**Read... Subscribe... Happy Voice**

Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125
Type Set & Lay Out EBENEZER GRAPHICS. Gandhidham224763.

VOL.24. **Happy Voice -**
**സന്തോഷ ധ്വനി** 2012 NO.9

**പത്രാധിപർ എഴുതുന്നു:-**

# നാം കൊടുക്കുന്ന പണം വ്യക്തികൾക്കോ? അതോ കർത്താവിനോ?

ഒദൈവം തന്നിരിക്കുന്ന ഭൗതിക നന്മയുടെ ഒരു ഓഹരി ദൈവരാജ്യത്തിന്റെ കെട്ടുപണിയ്ക്കായി വിനിയോഗിക്കുന്ന ആത്മിയരും ദൈവവേലയെ സ്നേഹിക്കുന്നവരുമായ നിരവധിപേരുള്ളതുകൊണ്ടാണ് ഇന്ന് പല ആത്മിയ പ്രവർത്തനങ്ങളും അനർഘളമായി തുടരുന്നത്. ഇവിടെ നാം മനസ്സിലാക്കേണ്ടതും അറിഞ്ഞിരിക്കേണ്ടതുമായ ചില വസ്തുതകൾ ഉണ്ട്. നാം കൊടുക്കുന്ന പണം വ്യക്തികൾക്കോ? അതോ കർത്താവിനോ? അതോ മാനുഷ മുഖം നോക്കിയോ? ദൈവവേലയെ സ്നേഹിക്കുന്നതുകൊണ്ടോ? ഒററവാക്കിൽ മറുപടി പറഞ്ഞാൽ ഒരു ദൈവപൈതൽ കർത്താവിന്റെ നാമമഹത്വത്തിനായാണ് തന്റെ പണം വിനിയോഗിക്കേണ്ടത്. ഇവിടെ സ്വന്തബന്ധങ്ങൾക്കും മുഖപക്ഷത്തിനും സ്ഥാനമില്ല.

പണം സ്വീകരിക്കുന്നവർ മനസ്സിലാക്കേണ്ട അതിപ്രധാനമായ ചില വസ്തുതകൾ ഉണ്ട്. നാം സുവിശേഷീകരണത്തിനുവേണ്ടി പണം സ്വീകരിക്കുമ്പോൾ ഒരു വലിയ കടപ്പാട് നമുക്ക് ദൈവത്തോടും മനുഷ്യരോടും ഉണ്ട്. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ കുററമില്ലാത്ത മനസ്സാക്ഷി നമുക്കുണ്ടാകയും വേണം. നാം വാങ്ങുന്ന ഓരോ ചില്ലിക്കാശിനും ദൈവമുമ്പാകെ കണക്കുകൊടുക്കേണ്ടവരാണ് എന്ന ബോദ്ധ്യം നമുക്കുണ്ടാകണം. അതുപോലെ ദൈവവേലയ്ക്ക് സഹായിക്കുന്നവർ മുഖപക്ഷത്തോടും, വൈരാഗ്യ ബുദ്ധിയോടും ധനം വിനിമയം നടത്തുന്നുവെങ്കിൽ അത് വാങ്ങുന്നവർക്കും കൊടുക്കുന്നവർക്കും അനുഗ്രഹത്തിനു പകരം ശാപമായും ഫലരഹിതമായും ഭവിക്കും. അതിനാൽ ദൈവവേലയ്ക്ക് നാം എന്തെങ്കിലും ചെയ്യുന്നുവെങ്കിൽ അത് വ്യക്തികൾക്കല്ല പ്രത്യുത ദൈവത്തിനാണ് എന്ന ബോദ്ധ്യം പ്രാഥമികമായി ഉണ്ടാകണം.

യോഗ്യമല്ലാത്തജീവിതം നയിക്കുന്ന വേലക്കാരെ നാം തിരിച്ചറിയണം. കൂടാതെ ജീവിതപിശക്,ഉപദേശപിശക്,തട്ടിപ്പുകൾ എന്നിത്യാദി വിഷയങ്ങളിൽ പിടിക്കപ്പെട്ടവർക്ക് സഹായഹസ്തം നീട്ടരുത്.

➲2



ഇങ്ങയെുള്ളവരെ ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കരുത്. നമ്മുടെയിടയിലെ ചില സഭകളും പ്രസ്ഥാനങ്ങളും ഇത്തരത്തിലുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതായി കണ്ടുവരുന്നു. ഒരു സുവിശേഷകൻ സുവിശേഷത്താൽ ഉപജീവിക്കണം. ഇത് ദൈവിക പ്രമാണമാണ്. അതായത് തനിക്കും കുടുംബത്തിനും ആവശ്യമുള്ള എല്ലാം സുവിശേഷത്താൽ നടക്കണം.അതിനു വ്യത്യസ്ഥമായി എന്തെങ്കിലും അമിതമായി ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ളവരെ ദൈവജനം തിരിച്ചറിയണം. അതായത് കർത്താവിനുവേണ്ടി പ്രവർത്തിക്കുന്ന ദൈവദാസൻമാരെ അവരുടെ വേലകൾ കണ്ടറിഞ്ഞ് കൂട്ടായ്മയുടെ വലങ്കൈ നീട്ടണം. പണം കൊടുത്ത് വിലയ്ക്ക് വാങ്ങരുത്. പണം കൊടുത്ത് ഒതുക്കുകയുമരുത്. പണം കാണിച്ച് സ്വന്തഇഷ്ടപ്രകാരം നടക്കണമെന്നു ശാഠ്യം പിടിക്കയുമരുത്. ഒരു ഉദാഹരണം ശ്രദ്ധിക്കുക.

ചില മാസങ്ങൾക്കു മുമ്പ് നമ്മുടെയിടയിലെ ഒരു പ്രസ്ഥാനം ഒരു സ്ഥലത്തു നടക്കുന്ന ഒരു സുവിശേഷപ്രവർത്തനത്തിന്റെ ആവശ്യത്തിനായി ഒരു തുക കൊടുക്കാം എന്നു പറഞ്ഞു. വാക്കാലല്ല. രേഖാമൂലം. അതനുസരിച്ച് ഉത്തരവാദിത്വപ്പെട്ടവർ പത്തുദിവസത്തെ ഗ്രാമപ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. പ്രവർത്തനദിവസങ്ങൾ അടുത്തു. പറഞ്ഞ പണം ലഭിച്ചില്ല. എന്തുചെയ്യണമെന്നറിയാതെ സംഘാടകർ നീറുവാൻ തുടങ്ങി. വാഗ്ദാനം ചെയ്ത പ്രസ്ഥാനത്തെ വിവരം അറിയിച്ചു. ലഭിച്ച മറുപടി രസാവഹമാണ്. “നാം തമ്മിലുള്ള ഉടമ്പടി ലംഘിക്കപ്പെട്ടു”. അതിനാൽ പണം തരില്ല. ഈ വിഷയം അറിഞ്ഞ ഒരു സഹോദരൻ ആ പ്രസ്ഥാനം തരാമെന്നു പറഞ്ഞതിന്റെ ഇരട്ടി തുക കൊടുത്തു. നിശ്ചയിച്ച സമയത്തുതന്നെ ശുശ്രൂഷകൾ നടന്നു. നിരവധി ഗ്രാമ ങ്ങൾ സുവിശേഷീകരിക്കപ്പെട്ടു. നിരവധിപേർ രക്ഷയിങ്കലേക്കുവന്നു എന്നു അവരിൽ നിന്നും അറിയാൻ സാധിച്ചു. അതേ, സുവിശേഷത്തിന്റെ പേരിൽ പണം സ്വരൂപിച്ച് സ്വന്തഇഷ്ടപ്രകാരം പ്രവർത്തിക്കുകയും വാക്കു വ്യത്യാസം വരുത്തുകയും ചെയ്യുന്ന ഇവരാണ് സുവിശേഷത്തിന്റെ അന്തകൻമാർ. ഏലിയാവിന്റെ ദൈവം ഇന്നും ജീവിക്കുന്നു. ഇങ്ങനെ വാക്കു വ്യത്യാസം കാണിച്ച നിരവധി വിശുദ്ധൻമാർ ഇതു വായിക്കുന്നവരിൽ ഉണ്ടാകാം. നിരവധിപേർക്ക് ഈ അനുഭവം ഉണ്ടായിരിക്കാം. നാം കൊടുക്കുന്നത് വ്യക്തികൾക്കല്ല, കർത്താ വിന്റെ നാമമഹത്വത്തിനും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും വേണ്ടിയാണ്. ഈ ചിന്ത ഒരു വിശ്വാസിയുടെ മനസ്സിൽ എന്നു ഉരുത്തിരിയുന്നുവോ അപ്പോഴാണ് നിങ്ങൾ ശരിയായ ഒരു ഭക്തനാകുന്നത്. ഇല്ലെങ്കിൽ പരീശൻമാരെക്കാളും ശാസ്ത്രിമാരെക്കാളും കപടഭക്തൻമാരും വ്യാജാത്മാവുള്ളവരുമാണ്.

ധനം കൈകാര്യം ചെയ്യുന്നവരിൽ ഭൂരിഭാഗംപേരും ഒതുക്കൽ ശുശ്രൂഷ നടത്തുന്നവരാണ്. പേരുകൾ പ്രസ്താവിക്കുന്നില്ല. എന്നാൽ മാന്യമായി ശുശ്രൂഷ ചെയ്യുന്നവരുമുണ്ട്. പ്രിയ സഹോദരാ, ശാന്തമായി ചിന്തിക്കുക. നാം കൊടുക്കുന്ന പണം വ്യക്തികൾക്കോ? അതോ കർത്താവിനോ?

(SP)

# ദെലീല

**M.V.THOMAS-Adoor**

പഴയനിയമത്തിലെ യൂദാ എന്നുപ്പെണ്ണാണെന്നു മാത്രം ദെലീലയെ വിശേഷിപ്പിക്കാം. യൂദ കർത്താവായ യേശുക്രിസ്തുവിനെ 30 വെള്ളിക്കാശിന് ഒററിക്കൊടുത്തെങ്കിൽ ദെലീല ശിംശോനെ 1100 വെള്ളിക്കാശിന്റെ കൂമ്പാരത്തിനാണ് ഒററിക്കൊടുത്തത്. ദെലീല എന്ന വാക്കിന് മൃദുവായ, ലോലമായ, നേർമ്മയുള്ളത് എന്നൊക്കെയാണ് അർത്ഥം. കേട്ടാൽ വളരെ ഇമ്പകരമായി തോന്നാവുന്ന പേര്. പക്ഷേ എണ്ണ തേച്ച വാളുപോലെ ശിംശോനെപ്പോലെയുള്ള ബലവാൻമാരെപ്പോലും പിളർത്തുന്ന വഞ്ചനയുടെ വാളായിരുന്നു അവൾ. തിരുവചനത്തിൽ ഇതുകൊണ്ടായിരിക്കാം. ഈ പേരിൽ മറെറാരു സ്ത്രീയെയും കാണാത്തത്. മാതാപിതാക്കൻമാർ ആരും തങ്ങളുടെ പെൺ കുഞ്ഞുങ്ങൾക്ക് ഈ പേര് കൊടുക്കുവാൻ താത്പര്യപ്പെടുന്നില്ല.

ദൈവവചനത്തിൽ ദെലീലയുടെ കുടുംബ ചരിത്രം ഒന്നും കാണുന്നില്ല. സോരേക്ക് താഴ്‌വരയിൽ ആയിരുന്നു അവളുടെ വീട് എന്നു മാത്രം പറഞ്ഞിരിക്കുന്നു.(ന്യായ 16:4). യരുശലേം പട്ടണത്തിന്റെ അടുത്തു നിന്ന് മെഡിററേനിയൻ കടൽവരെ വ്യാപിച്ചു കിടന്ന ഒരു സ്ഥലമായിരുന്നു ഇത്. നല്ല സുഗന്ധമുള്ള വിവിധ പുഷ്പങ്ങളെക്കൊണ്ട് നിറഞ്ഞ സ്ഥാനമായിരുന്നു ഇതെന്നു പറയപ്പെടുന്നു.

വഞ്ചകിയായ ഈ സ്ത്രീയെക്കുറിച്ചുള്ള വിശദീകരണം 18 വാക്യങ്ങളിലായി പറഞ്ഞിരിക്കുന്നു. ശിംശോന്റെ ചരിത്രത്തോട് ബന്ധപ്പെട്ടാണ് ദെലീലയുടെ ജീവിതത്തെ കാണുന്നത്. ഇന്ന് ദെലീലയെപ്പോലുള്ളവരാൽ ഹോമിക്കപ്പെടുന്ന എത്രയോ പുരുഷൻമാരുടെ ചരിത്രം നമ്മുടെ ചുററുപാടും ഉണ്ട്. വലിയ വലിയ രാഷ്ട്രീയ നേതാക്കൻമാർ, ബുദ്ധിജീവികൾ, സമ്പന്നൻമാർ,കലാകാരൻമാർ, ധാർമ്മിക ജീവിതത്തെക്കുറിച്ച് വാതോരാതെ പുലമ്പുന്ന മത നേതാക്കൻമാർ ഒക്കെ ദെലീലമാരുടെ മടിയിൽ കിടന്നുകൊണ്ടാണ് ഇതൊക്കെ പറയുന്നത് എന്നോർക്കണം. ദെലീലമാരുമായി മ്ലേച്ഛത പ്രവർത്തിക്കുമ്പോൾതന്നെ വിശുദ്ധ ജീവിതത്തെക്കുറിച്ച് തൊണ്ട കീറി പ്രസംഗിക്കുന്ന ഭക്തരും ഇക്കൂട്ടത്തിലുണ്ട്. പക്ഷേ ഒരു ദിവസം ഇവരൊക്കെ വഞ്ചകിയായ ഈ ദെലീലയാൽ കണ്ണ് ചൂഴ്ന്ന് എടുക്കപ്പെടുമെന്നുള്ളത് തർക്കമററ സംഗതിയാണ്.

ശിംശോൻ ശാരീരികമായി അതി ബലവാനായിരുന്നുവെങ്കിലും ധാർമ്മികമായി വളരെ ബലഹീനനായിരുന്നു. സിംഹത്തെ കീറിക്കളയുന്നവനെങ്കിലും അവന്റെ വികാരങ്ങളെ ബന്ധിക്കുവാൻ കഴിവില്ലാത്തവൻ.

➲4



ആയിരക്കണക്കിനു ശത്രുക്കളുടെ എല്ലുകൾ തകർക്കുന്നവനെങ്കിലും അവന്റെ ദുഷിച്ച സ്വഭാവത്തെ തകർക്കുവാൻ കഴിയാത്തവൻ. ദെലീലയോ മൃദുവായി ശാന്തമായി പതുക്കെ പതുക്കെ മാനസികശാരീരികമായ കഴിവിനാൽ ഈ പുരുഷകേസരിയെ ബന്ധിച്ച് ബന്ധിച്ച് വറുതിയിലാക്കി അവളുടെ വിഷമുള്ള പല്ലുകളും നഖങ്ങളും കുത്തിയിറക്കി ധനം സമ്പാദിക്കുന്ന സൂത്രശാലിയാണ് ദെലീല. അവൾക്ക് വേണ്ടത് ശിംശോന്റെ ശാരീരിക ബലമോ ശക്തിയോ സൗന്ദര്യമോ അല്ല, ഒന്നുമാത്രം. ഫെലിസ്ത്യരുടെ വെള്ളിക്കൂമ്പാരം. അവളുടെ മുഖം സുന്ദരമെങ്കി ലും മൃദുവെങ്കിലും ഹൃദയം കൂരിരുട്ടിനാൽ നിറഞ്ഞിരിക്കുന്ന നരകമാണ്. അവിടെ ക്ഷുദ്ര ജീവികൾ വിഷസർപ്പങ്ങൾ കൂട്ടിപ്പിണഞ്ഞ് കിടക്കുന്നു. അതിന്റെയിടയിലേക്ക് ഒരു ഭക്തൻ വീണുപോയാലോ? അവൾ ശിംശോനെ തലോടി മടിയിൽ കിടത്തുമ്പോൾ തന്നെ വെള്ളിക്കെട്ടുകളുമായി ഫെലിസ്ത്യ പോലീസുകാർ അടുത്ത മുറിയിൽ കാവലിരിക്കുന്നു. പാവം ഭക്തൻ ഇതൊന്നും അറിയുന്നില്ല. വഞ്ചകിയായ ദെലീലയ്ക്കറിയാം തന്റെ മടിയിൽ കിടക്കുന്ന മഹാന്റെ ബലഹീനത. എവിടെയിട്ട് കെട്ടിയാൽ അവൻ ബോധം കെടുമെന്നു അവൾക്കറിയാം. ശത്രുക്കളുടെ മുമ്പിലും സമൂഹത്തിലും കസർത്തുകൾ വീര പരാക്രമങ്ങൾ ഒക്കെ കാണിക്കുന്ന മഹാ മിടുക്കൻമാർ പലരും മറുവശത്ത് ദെലീലയുടെ മടിയിലെ പാവകളാണ്.

1100 വെള്ളിക്കാശിന്റെ കൂമ്പാരം എങ്ങനെയെങ്കിലും സ്വന്തമാക്കുവാൻ ദെലീല ശ്രമിക്കുമ്പോൾ കണ്ണടച്ച് അവളുടെ മടിയിൽ കിടക്കുന്ന ശിംശോന് അതു കാണുവാൻ കഴിയുന്നില്ല. തന്റെ വിലയാണ് അതെന്ന് ഗ്രഹിക്കുവാനുള്ള കഴിവും കാഴ്ചപ്പാടും അവന് ഇല്ലാതെ പോയി. നിന്റെ മഹാ ശക്തി ഏതിലാണ് എന്നു മാത്രമാണ് ദെലീലയ്ക്ക് അറിയേണ്ടത്. ഇത് ശിംശോന്റെ സ്വർഗ്ഗീയ രഹസ്യമാണ്. ഇത് അവൻ പന്നിയുടെ മൂക്കിലെ പൊൻ മൂക്കുത്തിയായ ദെലീലയ്ക്ക് പറഞ്ഞുകൊടുക്കുന്നു. മൂന്നു പ്രാവശ്യം ശിംശോൻ കളവ് പറഞ്ഞുനോക്കുവാൻ ശ്രമിച്ചെങ്കിലും അവൾ വിട്ടില്ല. അവളുടെ ഒടുവിലത്തെ വിഷയമ്പ് പുറത്തേക്ക് എടുത്തു. കണ്ണുനീർ. സൗന്ദര്യംകൊണ്ടും ശരീരം കൊണ്ടും സാധിക്കാത്തത് കണ്ണുനീർകൊണ്ട് സാധിക്കാമെന്ന് ദെലീലയ്ക്ക് അറിയാം. ഇങ്ങനെ അവൾ അവനെ ദിവസംപ്രതി വാക്കുകളാൽ ബുദ്ധിമുട്ടിച്ച് അസഹ്യപ്പെടുത്തി. അവൾ മരിപ്പാൻതക്കവണ്ണം വ്യസനപരവശനായിത്തീർന്നിട്ട് തന്റെ ഉള്ളം മുഴുവനും അവളെ അറിയിച്ചു. (16:16). അവന്റെ തലയിലെ ഏഴു ജടകളിലേക്ക് ഫെലിസ്ത്യപ്രഭുക്കൻമാരുടെ കത്രിക പാഞ്ഞു കയറി. അതു മുഴുവനും നിമിഷംകൊണ്ട് ദെലീലയാൽ താഴേക്ക് വീണു. ഒരർത്ഥത്തിൽ സ്വർഗ്ഗത്തിന്റെ പദ്ധതികളെ അരിഞ്ഞു വീഴ്ത്തുകയായിരുന്നു ദെലീല ചെയ്തത്. ശിംശോന് ജട മാത്രമല്ല കണ്ണുകളും ആരോഗ്യവും എല്ലാം പോയി. ചെമ്പു ചങ്ങലയാൽ ബന്ധിക്കപ്പെട്ട് ഗസ്സയിൽ ഫെലിസ്ത്യരുടെ പട്ടണത്തിലേക്ക് കൊണ്ടുപോയി. കാരാഗൃഹത്തിൽ മാവുപൊടിക്കുന്ന ജോലിയിൽ അവനെ ആക്കി.

➲11

# വിവാഹസിനിമ

**P.A.Abraham-Malam**

വളരെ താത്പര്യമായി ക്ഷണിച്ചതിന്റെ ഫലമായി ആ വിവാഹത്തിൽ പങ്കെടുക്കണമെന്നു തീരുമാനിച്ചു. വിവാഹത്തിനു അല്പം മുമ്പു തന്നെ വിവാഹം നടക്കുന്ന പാരീഷ് ഹാളിലേക്ക് കടന്നു ചെന്നു. അതി മനോഹരമായി അലങ്കരിച്ചിരിക്കുന്ന ഫ്ളാററ് ഫോം സിററിംഗ് ക്രമീകരണങ്ങൾ ഞാൻ കണ്ടു. ദൈവജനത്തിന്റെ മദ്ധ്യത്തിൽ വളരെ പ്രസിദ്ധനായ ഒരു ദൈവദാസന്റെ വിവാഹമാണ് നടക്കുന്നത്. ക്ഷണിക്കപ്പെട്ട അതിഥികൾ ധാരാളം. ഹാൾ അതിഥികളെക്കൊണ്ട് നിറഞ്ഞു. വധു സർവാലങ്കാര വിഭൂഷിതയായി പരിവാര സമേതം ഹാളിൽ പ്രവേശിച്ചു. ശുശ്രൂഷ നടത്തുവാനുള്ള ദൈവദാസനും നേരത്തെ എത്തിയിരുന്നു. സമയം നല്ല പകലാണെങ്കിലും ദീപാലങ്കാരങ്ങളുടെ പ്രഭയിൽ ഹാൾ മുങ്ങിക്കുളിച്ചു.

വിവാഹത്തിനുള്ള സമയമായി. പക്ഷേ, എന്തോ ഒന്നിന്റെ അഭാവത്താൽ വിവാഹ ശുശ്രൂഷ ആരംഭിച്ചില്ല! അന്വേഷിച്ചപ്പോഴാണ് കാര്യം മനസ്സിലായത്, വിവാഹ ശുശ്രൂഷ വിഡിയോയിൽ പകർത്തുവാനുള്ള ആളുകൾ വന്നിരുന്നില്ല. സമയം പത്തിരുപതു മിനുട്ടു കൂടെ കടന്നുപോയി. അപ്പോൾ ആകപ്പാടെ ഒരു ചലനം, ഇതാ അവർ കടന്നു വരുന്നു. വരനും കൂട്ടരും അവരെ എതിരേററ് ഹാളിലേക്ക് ആനയിച്ചു. എല്ലാവരുടെയും കണ്ണുകൾ അവരിലേക്കായി. നമ്മുടെ പൂർവ്വികൻമാർ കുരങ്ങൻമാരായിരുന്നുവെന്ന് ദൈവമക്കൾ വിശ്വസിക്കുന്നില്ലെങ്കിൽ ഇവരെ കണ്ടാൽ അങ്ങനെ തോന്നുമായിരുന്നു.

വിവാഹ ശുശ്രൂഷ ആരംഭിക്കയാണ്. നമുക്കു ഒരു പാട്ടുപാടാം. പാവപ്പെട്ട ശുശ്രൂഷകൻ പറഞ്ഞു. പക്ഷേ ആ പാട്ട് എല്ലാവർക്കും ചേർന്നു പാടുവാൻ സാദ്ധ്യമല്ല. അത് പ്രത്യേകം ക്ഷണിക്കപ്പെട്ട ഗായക സംഘമാണ് പാടുന്നത്. ഗാനഗന്ധർവൻ എന്ന് ആരോ വിശേഷിപ്പിച്ച ഒരു ഹിപ്പിയുടെ നേതൃത്വത്തിൽ ഗാനാലാപനം നടന്നു. ഒരുക്കത്തനും പാട്ടിനും കുറഞ്ഞത് 15 മിനിററ് എങ്കിലും എടുത്തു. അപ്പോഴെങ്കിലും ഫ്ളാററ്ഫോമിൽ നടന്ന സംഭവങ്ങളെക്കുറിച്ച് എന്ത് പറയുവാനാണ് വരനും വധുവും പോകുന്നിടത്തൊക്കെയും മുമ്പിലും പിമ്പിലും വീഡിയോക്കാർ

പ്രായം ചെന്ന ശുശ്രൂഷകന്റെ കണ്ണ് വീഡിയോയുടെ പ്രഭയേററ് തുറക്കുവാൻ പ്രയാസം. എങ്കിലും കാര്യങ്ങൾ മുമ്പോട്ട് നീങ്ങുകയാണ്. ശുശ്രൂഷകൻ തന്റെ നിസ്സഹായവസ്ഥ വെളിപ്പെടുത്തി. ചുമതലക്കാർ പറഞ്ഞിരുന്നതൾ വിവാഹ ശുശ്രുഷ 12 മണിക്ക് മുമ്പായി തീരണമെന്നാണ്. വധുവും കൂട്ടരും വരുവാൻ താമസിച്ചു. വീഡിയോക്കാർ ഇപ്പോഴാണ് വന്നത്.ഇപ്പോൾ സമയം പതിനൊന്ന് കഴിഞ്ഞു. അതുകൊണ്ട് വചന ശുശ്രൂഷയ്ക്ക് ഒരാൾ മാത്രം. അതും പത്ത് മിനിററ്. അങ്ങനെയെങ്കിൽ വചനശുശ്രൂഷയെന്ന ചടങ്ങ് വേണ്ടെന്നു വെക്കുകയല്ലേ നല്ലത്.



എന്ന് എന്റെ അടുക്കൽ ഇരുന്ന ആരോ തട്ടിവിട്ടു. ദൈവമക്കളുടെ വിവാഹം നടത്തേണ്ടത് ഈ വിധത്തിലാണോ. മറെറാരാളുടെ സംശയം. വചന ശുശ്രൂഷ കഴിഞ്ഞു. വിവാഹശുശ്രൂഷയുടെ പ്രധാന ഭാഗം വന്നു. പക്ഷേ സദസ്യർക്ക് ഒന്നും കാണുവാൻ സാധിച്ചില്ല. വീഡിയോക്കാർ ചുററും പൊതിഞ്ഞു നില്ക്കുകയായിരുന്നു. ചിലർ വീഡിയോയുടെ പ്രകാശം സഹിക്കവയ്യാതെ കണ്ണടച്ചിരുന്നു.

ഏതായാലും അര മുക്കാൽ മണിക്കൂർകൊണ്ട് വിവാഹ ശുശ്രൂഷ അവസാനിച്ചു. പിന്നീട് അതിന്റെ ഇരട്ടിസമയം വിവിധ പോസുകൾ വീഡിയോയിൽ പകർത്തുകയായിരുന്നു. ഈ വിലയേറിയ ദൈവദാസന്റെ വധുവിനെ കുറിച്ചന്വേഷിച്ചപ്പോൾ മനസ്സിലായി ഫോറിനിൽ നേഴ്സാണ്. ചുരുങ്ങിയ സമയത്തെ വചന ശുശ്രൂഷയിൽ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പററിച്ചേരും ഇരുവരും ഒരു ദേഹമായിത്തീരും. ഇനി നിങ്ങൾ രണ്ടല്ല ഒന്നത്രെ എന്നൊക്കെ പറയുന്നത് കേട്ടതാണ്. വധു പിറേറ ദിവസത്തെ ഫ്ളൈററിനു അമേരിക്കയ്ക്കു പോകുകയാണ്. പാവം ദൈവദാസൻ ഇൻഡ്യയിൽ സുവിശേഷ വേല. എന്താ, തക്കതുണയായി കിട്ടിയ ദൈവത്തിന്റെ ദാനം.

ഈ വിവാഹ ശുശ്രൂഷയിൽ സംബന്ധിച്ച പഴയ ഒരു കാരണവർ ചോദിച്ച ചോദ്യം മറക്കുവാൻ സാദ്ധ്യമല്ല. 1. ഇതുപോലുള്ള വിലയേറിയ ഒരു ആത്മീയ ശുശ്രൂഷ വെറും സിനിമപോലെ മാററുകയാണെങ്കിൽ ആ ശുശ്രൂഷ നടത്തുകയില്ലെന്നു പറയുവാൻ തന്റേടമുള്ള എ ത്ര ദൈവദാസൻമാർ നമ്മുടെ മദ്ധ്യത്തിൽ ഉണ്ട്. 2. അവിശ്വാസികൾ എന്ന് നാം വിധിക്കുന്ന സമുദായക്കാർപോലും ഇത്തരം കാര്യങ്ങൾ വിവാഹശുശ്രൂഷകളിൽ നിരോധിച്ചിരിക്കെ ദൈവമക്കളുടെ മദ്ധ്യത്തിൽ ഇതിന് എങ്ങനെ സ്ഥാനം കിട്ടി.3. സഹോദരാ യഥാർത്ഥത്തിൽ ദൈവസാന്നിദ്ധ്യം അവിടെ ഉണ്ടായിരുന്നോ? അതോ സാത്താന്റെ വിളയാട്ടമായിരുന്നുവോ? ഈ ചോദ്യങ്ങൾക്ക് എന്ത് മറുപടി പറയാനാണ്. അപ്പച്ചാ, എനിക്കും അങ്ങനെയെക്കെ തോന്നിയതാണ് പക്ഷേ എന്ത് പ്രയോജനം. ഇതൊക്കെ പറഞ്ഞാൽ ആര് വകവെയ്ക്കും. തുടർന്നു നടന്ന ററീപാർട്ടിയിൽ പങ്കെടുത്തുവെങ്കിലും എന്തോ ഒരു പന്തികേട്. മടങ്ങിപ്പോരുമ്പോൾ തന്നെത്താൻ പിറുപിറുത്തുപോയി. ഈഖാബോദ്-മഹത്വം യിസ്രായേലിൽ നിന്നും പോയ്പ്പോയി.

**നമ്മുടെയിടയിലെ ചില പ്രശത്ഭരായ സുവിശേഷകൻമാർ ജീവിച്ചിരിക്കുന്നുവോ എന്നറിയണമെങ്കിൽ ഡിസംബർ മാസമാകണം. കാരണം മറെറാന്നുമല്ല ഭൂരിഭാഗംപേരുടെയും ശുശ്രൂഷ കാലയളവ് കൺവെൻഷനുകളുടെ കാലമായ ഡിസംബറാണ്. ബാക്കി ദിവസങ്ങൾ "വിവാഹവും മരണ"വുമായി ഒക്കെ തള്ളി നീക്കും. ഇവരും സു - വിശേഷകൻമാർതന്നെ. പത്രാസിന് ഒട്ടും കുറവില്ലതാനും (നാഥാൻ)**

# ദൈവസഭഃ അതിനു യേശുവിന്റെ നാമം മാത്രം മതിയായത്

തുടർച്ച

C.H.MACKINTOSH

പരിഭാഷ-പി.ഡി.ചാക്കോ- കുറുമാത്തൂർ

റോമാസഭയെ ഇന്നു കാണുന്ന മററു മതവിഭാഗങ്ങളോടു ചേർത്തു ചിന്തിക്കുന്നത്, ശുശ്രൂഷ ചെയ്യുന്നതിന് മാനുഷികാധികാരം വേണമെന്ന പ്രമാണത്തിന്റെ കാര്യത്തിൽ *മാത്രമാണെന്ന്* പ്രത്യേകം ഓർത്തിരിക്കണം. ദൈവവചനത്തിനു നേരെ വാതിൽ കൊട്ടിയടയ്ക്കുകയും വിഗ്രഹാരാധന അനുവദിക്കുകയും വിശുദ്ധൻമാരെയും ദൂതൻമാരെയും ആരാധിക്കണമെന്നു ഉപദേശിക്കയും മേ്ളച്ഛകരമായ ഒട്ടനേകം ഉപദേശപിശകുകളും അന്ധവി ശ്വാസങ്ങളും പുലർത്തുകയും ചെയ്യുന്ന ഒരു മത സംഘടനയെ, ദൈവവചനം ഉയർത്തിപ്പിടിക്കുകയും ഏറെക്കുറേ വചന സത്യങ്ങൾ അറിയിക്കുകയും ചെയ്യുന്ന മററു സഭാവിഭാഗങ്ങളോടു തുലനം ചെയ്യാൻ ഇടയാകാതിരിക്കട്ടെ. അങ്ങനെ യൊരു ചിന്ത ഞങ്ങളുടെ മനസ്സിലില്ല. പാപ്പാ മതത്തോടു ചേർന്നു നില്ക്കുന്ന ധാരാളം ദൈവജനങ്ങൾ ഇതുവരെ ഉണ്ടായിരുന്നിട്ടുണ്ട്., ഇനിയും ഉണ്ടായേക്കാം. എങ്കിലും പാപ്പാ മതം എന്നു പറയുന്നത് ഒരു മതസംഘടനയായി സാത്താൻ രൂപപ്പെടുത്തിയ അവന്റെ ഏററവും മികച്ച കൃതിയാണെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

ഈ അവസരത്തിൽ ഒരു കാര്യം കൂടി പറയട്ടെ, എല്ലാ പ്രൊട്ടസ്റ്റൻന്റു സമൂഹങ്ങളിലും ശുശ്രൂഷകൻമാരും സഭാംഗങ്ങളുമായി അറിയപ്പെടുന്ന ധാരാളം ദൈവത്തിന്റെ വിശുദ്ധൻമാരെ കാണുവാൻ കഴിയും എന്നു ഞങ്ങൾക്കറിയാം. ദൈവം അവരെ പല നിലകളിൽ ഉപയോഗിക്കുന്നുമുണ്ട്.അവരുടെ വേലകളും ശുശ്രൂഷകളും സാക്ഷ്യങ്ങളുമെല്ലാം വളരെ അനുഗ്രഹിക്കപ്പെട്ടത്.

അങ്ങനെയുള്ള സഭാവിഭാഗങ്ങളിൽ ഉൾപ്പെട്ട ആരെയും തൊടുവാൻ ഞങ്ങൾ ഒരു ചെറുവിരൽപോലും അനക്കുകയില്ലായെന്നു പ്രസ്താവിക്കുന്നതു നല്ലതാണെന്നു ഞങ്ങൾക്കു തോന്നുന്നു. സഭാവിഭാഗങ്ങളെക്കുറിച്ചല്ല ഞങ്ങൾക്ക് ഇപ്പോൾ പറയാനുള്ളത്. കർത്താവ് അവരോട് ഇടപെട്ടുകൊള്ളും. എന്നാൽ ആ സഭാവിഭാഗങ്ങളിൽപ്പെട്ട വിശുദ്ധൻമാരോട് ഞങ്ങൾക്ക് ചില കാര്യങ്ങൾ പറയുവാനുണ്ട്. ദൈവസഭയുടെ ദൈവിക പ്രമാണങ്ങൾ എന്താണെന്നുള്ളത് പരിശുദ്ധാത്മാവിന്റെ സഹായത്തോടെ തിരുവെഴുത്തുകൾ പരിശോധിച്ചു മനസ്സിലാക്കി അതു പ്രമാണമാക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്നുമാണ് ഞങ്ങൾക്ക് അവരോട് പറയുവാനുള്ളത്.

തെററിദ്ധാരണ നീക്കുവാൻ ഇത്രയും പറഞ്ഞതിനുശേഷം,ഞങ്ങൾ ഏററവും വർദ്ധിച്ച ശക്തിയോടെ,ഞങ്ങളുടെ ഏററവും പ്രധാനപ്പെട്ട വിഷയത്തിലേക്കു കടക്കട്ടെ. ക്രിസ്തീയ ലോകത്തെ ഓരോ മതവിഭാഗത്തിന്റെ

➲8



യുംനടുവിലൂടെ കടന്നുപോകുന്ന മാനുഷികാധികാരം എന്ന ചരട്-അതാണ് ഈ വിഷയം.യഥാർത്ഥത്തിൽ റോമാ സഭയുടെയും ദൈവസഭയെ യഥാർത്ഥ നിലയിൽ പ്രതിഫലിപ്പിക്കുന്ന ഒരു യഥാർത്ഥ കൂട്ടത്തിന്റെയും ഇടയിൽ നിലകൊള്ളുവാൻ ഒരു തലമുടിനാരിഴ വണ്ണത്തിലുള്ള ഇടംപോലുമില്ല എന്നതാണ് പരമാർത്ഥം.പാപ്പാ മതത്തിന്റെ കരിനിഴലുകളുടെ മദ്ധ്യത്തിൽ നിന്നു സത്യം അന്വേഷിച്ചു ഇറങ്ങിത്തിരിക്കുന്ന ഒരു സത്യാന്വേഷിക്ക് ദൈവസഭയെ യഥാർത്ഥനിലയിൽ പ്രതിഫലിപ്പിക്കുന്ന ഒരു കൂട്ടത്തിന്റെ സ്വച്ഛവും അനുഗൃഹീതവുമായ പ്രകാശത്തിൻ കീഴിൽ എത്തിച്ചേരുന്നതുവരെയും മറെറവിടെയും നിലകൊള്ളുവാൻ സാധിക്കുകയില്ലെന്നു ഞങ്ങൾ കരുതുന്നു. ആദ്യത്തെ ഇരുൾ മൂടിയ സ്ഥാനത്തു നിന്ന് പുറപ്പെട്ട് ഒടുവിലത്തെ പ്രകാശ സ്ഥാനത്ത് എത്തിച്ചേരുന്നതിന് ഒരു പക്ഷേ അയാൾക്ക് ചില വർഷങ്ങൾതന്നെ ആവശ്യമായി വന്നേക്കാം. അയാളുടെ കാലടികൾ മന്ദം മന്ദമായിട്ടായിരിക്കാം മമ്പോട്ടുവെക്കുന്നത്. വളരെ ശ്രദ്ധാ പൂർവമായിരിക്കാം ഓരോ ചുവടും മുമ്പോട്ടു വെക്കുന്നത്. എന്നാൽ താഴ്മയോടും ദൈവഭക്തിയോടും ആത്മാർത്ഥതയോടും കൂടെ വെളിച്ചത്തിൽ നടക്കുന്നില്ലെങ്കിൽ വിപരീത ധ്രുവങ്ങളിൽ നിലകൊള്ളുന്ന ഈ രണ്ടു സ്ഥാനങ്ങളുടെയിടയിൽ അയാൾക്ക് ലക്ഷ്യ സ്ഥാനം കണ്ടെത്തുവാൻ കഴികയില്ല. ദൈവസഭയുടെ അടിസ്ഥാനത്തിങ്കലാണ് സകല ദൈവമക്കളും തങ്ങളുടെ സ്ഥാനം കണ്ടെത്തേണ്ടത്. കഷ്ടം, എല്ലാവരും അങ്ങനെ അവിടെയായിരിക്കുന്നില്ല. അത് അവരുടെ നഷ്ടംതന്നെയാണ്. അവരുടെ കർത്താവിന് അപമാനവും. അവരും അവിടെ ആയിരിക്കേണ്ടതാണ്. ദൈവം അവിടെയുണ്ടെന്ന കാരണത്താൽ മാത്രമല്ല, അവിടെ അവന് പ്രവർത്തിക്കുവാനും നിയന്ത്രിക്കുവാനും സ്വാതന്ത്ര്യമുണ്ട്.

അവസാനമായി പറഞ്ഞ ഈ കാര്യം പ്രാധാന്യമേറിയതാണ്, പ്രത്യേകിച്ചും ദൈവം എല്ലായിടത്തും ഇല്ലേ. വിവിധ സ്ഥലങ്ങളിൽ അവൻ പ്രവർത്തിക്കുകയല്ലേ ചെയ്യുന്നത്. തുടങ്ങിയ ചോദ്യങ്ങൾ ഉയർന്നു കേൾക്കാറുള്ള സാഹചര്യത്തിൽ ശരിയാണ്, അവൻ എല്ലായിടത്തും ഉണ്ട്, പ്രകടമായ ദുരുപദേശവും ദോഷമായ നിലപാടുകളും ഉള്ള സ്ഥലങ്ങളിൽപോലും അവൻ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മനുഷ്യൻ നിയന്ത്രിക്കുന്ന സഭാവിഭാഗങ്ങളിൽ അവന് തന്റെ ഇഷ്ടം നിവർത്തിപ്പാൻ അനുവാദം നല്കുന്നില്ല. നാം ഇതിനോടകം ചിന്തിച്ചതുപോലെ അവിടെയെല്ലാം മനുഷ്യന്റെ അധികാരങ്ങൾക്കാണ് മേൽക്കോയ്മ. അതു കൂടാതെ ദൈവം ആത്മാക്കൾക്കു മാനസാന്തരവും അനുഗ്രഹവും ധാരാളമായി നല്കുന്നുവെന്ന ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് ഒരാൾ ഒരു സഭാവിഭാഗത്തിലായിരിക്കേണ്ടത് എന്നു ചിന്തിക്കുന്നുവെങ്കിൽ അയാൾ റോമാസഭയിൽതന്നെ ആയിരുന്നാൽ മതിയാകും. കാരണം ഭീതിതാമാവണ്ണം തെററിപ്പോയിരിക്കുന്ന ആ സമൂഹത്തിൽ എത്രയോപേർ ഉണ്ട്. സമൂഹത്തിൽ എത്രയോപേർ മാനസാന്തരപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അടുത്ത കാലത്ത് സംഭവിച്ച ഉണർവ്വിന്റെ നാളുകളിലും റോമൻ കത്തോലിക്കാ

➲9

## “ആരാധനാ ഗ്രൂപ്പ്”

**“ബ്രദറൺ സഭകളുടെ സഹകരണത്തിൽ നടന്നുവരുന്ന College students camp-Tiruvalla യിൽ നടക്കുന്നു”**
**“നിയോഗ”ത്തിൽ കണ്ട വാർത്ത.**

ഈ ക്യാംപിന്റെ സംഘാടകർ “ശവാരാധകർ“ എന്ന പേരിലറിയപ്പെടുന്ന ആരാധനാ ഗ്രൂപ്പിന്റെ ശക്തരായ വ്യക്താക്കളാണ്. ഇവർ ആരൊക്കെയാണെന്ന് അറിയണമെങ്കിൽ ഈ മീററിംഗിൽ ശുശ്രൂഷിക്കുന്നവരുടെ പേരുകൾ “നിയോഗം” മാസികയിലൂടെശ്രദ്ധിച്ചാൽ മതിയാകും. ഇവർക്ക് എത്ര ബദറൺ സഭകളുമായി ബന്ധമുണ്ടെന്ന് വായനക്കാർ അന്വേഷിക്കുക.അതായത് ബ്രദറൺ സഭയുടെ പ്രവർത്തനങ്ങൾക്കു പാരലായി പല പ്രവർത്തനങ്ങളും നടത്തി വിവാദം ഉണ്ടാക്കിയവരും ഉണ്ടാക്കുന്നവരും.

വൈ.എം.ഇ.എഫ് ന്റെ ജനറൽ ക്യാമ്പ് നടക്കുന്ന അതേ തീയതികളിലാണ് തിരുവല്ലയിൽ ഇവർ ക്യാംപ് നടത്തുന്നതെന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. അതായത് ബ്രദറൺ സഭകളുടെ സഹകരണത്തിൽ നടക്കുന്ന ഔദ്യോധിക ക്യാമ്പ് വൈ.എം.ഇ.എഫ് തന്നെ. തിരുവല്ലയിൽ നടക്കുന്നത് ആരാധനാ ഗ്രൂപ്പിന്റേതും.

ഇതിന്റെ ചില വ്യക്താക്കൾ ബ്രദറൺ ഔദ്യോധിക കൺവെൻഷനുകളിൽ കയറിപ്പററിയതായും അറിയുന്നു. ദൈവ ജനം ജാഗ്രതൈ. ഇവർ ബ്രദറൺ സഭയ്ക്ക് പാരലായി നടത്തുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് പൂർണ്ണമായി വേർപ്പെട്ട ദൈവ ജനവുമായി സഹകരിച്ച് ശുശ്രൂഷകൾ ചെയ്യണം.

**(സൈമൺ പയ്യന്നൂർ)**

**സഭ...തുടർച്ച**

നാളുകളിലും റോമൻ കത്തോലിക്കാ ചാപ്പലുകളിൽ വ്യക്തികൾക്ക് മാനസാന്തരം സംഭവിച്ചതരായി നാം കേട്ടിട്ടുണ്ട്. വളരെയധികം തെളിവുകളുള്ള ഒരു കാര്യം ഒന്നിനും തെളിവായിരിക്കുന്നില്ല. അതിനാൽ ദൈവം ഒരു സ്ഥലത്തു പ്രവർത്തിക്കുന്നുണ്ടെന്ന് വസ്തുതയുടെ അടിസ്താനത്തിൽ അവരുടെ നിലപാടുകൾ ശരിയാണെന്ന വാദം സാധൂകരിക്കുവാൻ കഴിയുന്നതല്ല. ദൈവം പരമാധികാരിയാണ് അവൻ തനിക്ക് ഇഷ്ടം ഉള്ളിടത്തെല്ലാം പ്രവർത്തിക്കുന്നു. നാം അവന്റെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കേണ്ടതാണ്. നമ്മോടു അവൻ ആവശ്യപ്പെടുന്ന സ്ഥലത്താണ് നാം പ്രവർത്തിക്കേണ്ടത്. എന്റെ യജമാനൻ തനിക്ക് ആവശ്യമുള്ളിടത്തെല്ലാം പോയി എന്നു വരാം. എന്നാൽ ഞാൻ പോകേണ്ടത് അവൻ എന്നോടു ആവശ്യപ്പെടു സ്ഥലത്തു മാത്രമാണ്.(തുടരും)



## “പാപം ചെയ്യുന്നതുകൊണ്ടുള്ള ഗുണം”

താത്ക്കാലിക ലാഭം,സുഖം,സംതൃപ്തി,ഉയർച്ച,പ്രശസ്തി ഇവയൊക്കെയും പാപം കൊണ്ട് ലഭിച്ചുവെന്നു വരാം. എന്നാൽ ഇവയൊക്കെയും ക്ഷണനേരംകൊണ്ടു തീരുകയും മനുഷ്യൻ നിത്യ ദുഃഖത്തിൽ, നഷ്ടത്തിൽ മാനഭംഗത്തിൽ ആയിത്തീരുകയും അതു മുഖാന്തരം പലരും ആത്മഹത്യയ്ക്ക് മുതിരുകയും ചെയ്യുന്നു. ഇന്നു നാം വസിക്കുന്ന ചുററുപാടുകളിൽ വ്യക്തിപരമായും,സാമുഹ്യപരമായും,രാഷ്ട്രീയമായും എത്രയോപേർ പകൽ മാന്യൻമാരായി ചമഞ്ഞു നടക്കുന്നു. കള്ളക്കടത്ത്, ചാരപ്രവൃത്തി,കൈക്കൂലി, അഴിമതി, കൊള്ള,കൊലപാതകം എന്നിവ കൊണ്ട് എത്രയോ വ്യക്തികൾ ഉന്നത നിലവാരത്തിൽ എത്തിച്ചേർന്ന് ലോക സുഖങ്ങളെ വെട്ടിപ്പിടിച്ച് മുടിചൂടാമന്നൻമാരായി കഴിയുന്ന കാര്യം നമുക്കു അറിവുള്ളതാണ്.വാർത്താമാദ്ധ്യമങ്ങളിൽ കൂടി ഇന്നും നാം അവ അറിഞ്ഞുകൊണ്ടിരിക്കുന്നു. വെട്ടിപ്പിന്റെയും തട്ടിപ്പിന്റെയും വ്യാജരേഖകൾ ചമച്ച് വസ്തുക്കൾ കൈയടക്കി, കാടുകൾ വെട്ടിത്തെളിച്ച് സൗധങ്ങൾ പണിഞ്ഞും,കായലുകൾ നദികൾ വെട്ടിപ്പിടിച്ച് കരയാക്കിയും ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആക്കിയും എത്രയോ ആളുകൾ ഉയർന്ന വരുമാനക്കാർ ആയിരിക്കുന്നു. ഇതൊക്കെയും പാപത്തിന്റെ ഗുണങ്ങൾതന്നെ. എന്നാൽ ഇതിന്റെ നിലനില്പ് എത്രയെന്ന് ബുദ്ധിയുള്ളവർ ഗ്രഹിക്കട്ടെ.

**(P.P.VARGHESE-PUNALUR)**

# FAMILY CONFERENCE

**Place: Vanoti village-Kheda (Dt) Gujarat**

**Date: 17,18 December 2012.**

**Organised by:**

## Gujarat Brethren Bible Institute

ഞങ്ങൾ വിവിധ ഗ്രാമങ്ങൾ സന്ദർശിച്ചപ്പോൾ വിവിധ ക്രിസ്തീയ കുടുംബങ്ങളിൽ പല പ്രശ്നങ്ങളും ഉള്ളതായി മനസ്സിലാക്കുവാൻ സാധിച്ചു. വിവിധ ഗ്രാമങ്ങളിലുള്ള ഇങ്ങനെയുള്ളവരുടെ ആഗ്രഹപ്രകാരമാണ് അവിശ്വാസികൾക്കുവേണ്ടി ഇപ്രകാരം ഒരു മീററിംഗ് നടത്തുവാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്. ഇതിലൂടെ നിരവധിപേർ രക്ഷയിങ്കലേക്കു വരുമെന്നു ഞങ്ങൾക്ക് പൂർണ്ണ വിശ്വാസമുണ്ട്. ദൈവജനം പ്രാർത്ഥിക്കുക. കൂടുതൽ വിവരങ്ങൾ പുറകാലെ.

**(സൈമൺ പയ്യന്നൂർ)**

# ആരാധന

എല്ലാ തരത്തിലുള്ള ആരാധനയും ദൈവം സ്വീകരിക്കുന്നില്ല. ഇന്നത്തെ പരിഷ്കൃത സമൂഹം ആരാധനയെ ആകർഷകമായ ചടങ്ങാക്കുവാൻ വളരെ പണിപ്പെടുന്നുണ്ട്. എന്നാൽ അത്തരം ആരാധന ദൈവസന്നിധിയിലേക്ക് ചെല്ലുന്നതേയില്ലയെന്നതാണ് വാസ്തവം. ആകർഷകമായ സംഗീതം, സംഗീതോപകരണങ്ങൾ, പ്രസംഗം തുടങ്ങി പല വിധത്തിൽ ആരാധന ആകർഷകമാക്കാം. എന്നാൽ ഒരു കാര്യം ഓർക്കുക. സത്യമല്ലാത്തത് ഒന്നും പരിശുദ്ധമല്ലാത്തത് ഒന്നും പരിശുദ്ധാത്മപ്രേരിതമല്ലാത്തത് ഒന്നും ദൈവം സ്വീകരിക്കുന്നില്ല. (ടോസർ)

**ദെലീല...തുടർച്ച.**

ആഎന്നാൽ ദൈവം അവനോട് വീണ്ടും കരുണകാണിച്ചതിന്റെ തെളിവായിട്ടാണ് അവന്റെ തലമുടിവളർന്നതിനുശേഷം വീണ്ടും വളർന്നു തുടങ്ങി എന്നു രേഖപ്പെടുത്തിയിരിക്കുന്നത്.


തന്റെ തലയിൽ കൈകൾ ഓടിച്ച് ശിംശോൻ എത്രയോ പ്രാവശ്യം നെടുവീർപ്പിട്ടു കാണും. അവന്റെ തലമുടി വളരുന്നത് ദൃഷ്ടയായ ദെലീലയോ മററ് ഫെലിസ്ത്യ പ്രഭുക്കൻമാരോ ശ്രദ്ധിച്ചിരിക്കയില്ല. ശിംശോനെ ഡാൻസ് ചെയ്യിപ്പാനും പരിഹസിപ്പാനുമായി ദാഗോന്റെ ക്ഷേത്രത്തിലേക്ക് കൊണ്ടുവന്നതും രണ്ടു തൂണുകൾക്കിടയിലൂടെ അവനെ നിർത്തിയതും ഒക്കെ ദൈവത്തിന്റെ പദ്ധതിയായിരുന്നു. ദെലീല ഉൾപ്പെടെ മൂവായിരംപേരുടെ മുകളിലേക്ക് ക്ഷേത്രം തള്ളിയിടുവാൻ ശിംശോന് ദൈവം ഇടയാക്കി.

എന്തിനുവേണ്ടിയാണ് ഈ ചരിത്രം ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ കൈകളിലേക്ക് തന്നിരിക്കുന്നത്. ഒന്നാമതായി ദൈവം നമുക്കു തന്നിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളും അതായത് ശരീര ബലം സൗന്ദര്യം ബുദ്ധി, സമ്പത്ത്, പേര്, ബഹുമതി എല്ലാമെല്ലാം അവിടുത്തേക്ക് മാത്രമാണ്. ഈ ലോകമാകുന്ന ദെലീലയ്ക്ക് അത് അടിയറ വെക്കുവാൻ പാടില്ല.

രണ്ടാമതായി ഏതെങ്കിലും വിധത്തിൽ അത് ദുർവിനിയോഗം ചെയ്യുന്നു വെങ്കിൽ നാം വ്യഭിചാരികളായി, തീരുകയും അനേകരുടെ ആത്മിക തകർച്ചക്ക് അത് മുഖാന്തരമാകുകയും ചെയ്യും.

മൂന്നാമതായി, വിശ്വാസികൾ ഒരിക്കലും ജാതികളുമായി ഇണയില്ലാപ്പിണ കൂടാനിടയാകരുത്. പ്രത്യേകാൽ യുവതീയുവാക്കളായ വിശ്വാസികൾ തങ്ങളുടെ വിവാഹത്തോടുള്ള ബന്ധത്തിൽ കർശനമായി പാലിച്ചിരിക്കേണ്ട വ്യവസ്ഥയാണിത്. ഇത് ലംഘിച്ചതു മൂലം എത്രയോപേരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി.





# ഗാനക്വിസ്. 147



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ സെപററംബർ 28 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**ഗാനം. നീതി കിരീടം ഞാൻ പ്രാപിക്കുവാൻ**
**പ്രത്യശയെന്നിൽ ജ്വലിപ്പിക്കുകേ...**

**ഗാനക്വിസ് 144-ന്റെ ഉത്തരവും വിജയികളുടെ പേരുകളും;**
**യേശു രാജ നിൻ തിരുപാദത്തിൽ**
**വന്ദനം വന്ദനം വന്ദനം**

**രചയിതാവ്: അനിയൻ വർഗ്ഗീസ്**

1.M.V.Samuel-Tiruvalla
2.Omana Varghese-Jabalpur
3.John Benjamin-Chepra
4.Victoria George-Trichur
5. T.Lilly Poulose-Secunderabad
6. Thankamma Varghese-Edayaranmula
7. Magi Simon Permanagalam

ഗാനക്വിസ് ഉത്തരം പലരുടെയും വളരെ താമസിച്ച് ലഭിക്കുന്നതുകൊണ്ട് പലരുടെയും പേരുകൾ വിജയികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ സാധിക്കുന്നില്ല. ആയതിനാൽ തുടർന്ന് 09825169406 എന്ന മൊബൈൽ നമ്പറിൽ എസ്.എം.എസ് അയക്കുകയോ,**simonpayyanur@sancharnet.in** എന്ന ഇ-മെയിൽ വിലാസത്തിൽ ഉത്തരം അയക്കുകയോ ചെയ്യാവുന്നതാണ്.

(ചീഫ് എഡിററർ)

***Read....Subscribe....Happy Voice***

## പഴമൊഴി

- അയൽക്കാരന്റെ പുര കത്തുമ്പോൾ നിങ്ങളുടേത് കാത്തുകൊൾക
- കൂട്ടുകാരൻ ഇല്ലാതെ നമുക്കു ജീവിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ അയൽക്കാർ ഇല്ലാതെ ജീവിക്കുവാൻ കഴിയുകയില്ല.
- നല്ല വേലി നല്ല അയൽക്കാരനെ ഉണ്ടാക്കുന്നു.
- ഒട്ടകം ഒരിക്കലും തന്റെ മുതുകിലെ മുഴ കാണുന്നില്ല. എന്നാൽ അയൽക്കാരന്റെ മുതുകിലെ മുഴ തന്റെ കൺമുമ്പിലിരിക്കുന്നു.

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള
ബ്രദറൺ പ്രസിദ്ധീകരണം

# Happy Voice - സന്തോഷധ്വനി

**Chief Editor:**

**SIMON PAYYANUR**
Tel & Fax .02836-224763(o)
Tel:02836-226951(R)
Mobile: 9825169406.
E-mail:-
simonpayyanur@sancharnet.in

**Editors:**

**P.V.JOSE** - Jaipur
Tel & Fax: 0141-2291425
mail:micaps@sify.com

**E.S.THOMAS**-Edayaranmula
Ph. 09995715708
email:
titusgilead@gmail.com

**Representatives:-**

**Dubai**
M.O.Issac
00971-50-1413186

**USA**
M.Joy Joseph-Chicago
Tel- 08476374906

**Annual Subscription;-**

| | |
|---|---|
| India | Rs. 50.00 |
| Gulf | Rs. 500.00 |
| USA | $ 25 |

**Please Mail :-**

Articles, Letters, Subscription, Contribution to;

SIMON PAYYANUR
Happy Voice
Plot.No.147,Sector.7
Gandhidham.370201.Gujarat.
Tel & Fax:- 02836-224763 (O)
Tel:-02836-226951(R)
Mobile: 9825169406.
email:simonpayyanur@sancharnet.in

OR

SIMON PAYYANUR
A/c .NO.10316650005
IFSC Code: SBIN0000373.

## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീകരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.

# Gujarat Brethren Bible Institute News

ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ടിന്റെ 11-ാമത് ബാച്ചിന്റെ പ്രവർത്തനങ്ങൾ തുടരുന്നു. ഗുജറാത്ത്, ബീഹാർ, ഒറീസ്സ,ചത്തിസ്ഗഢ്, ബംഗാൾ എന്നിവിടങ്ങളിൽ നിന്നുള്ള സഹോദരൻമാരാണ് വചനം പഠിക്കുന്നത്. ദൈവജനങ്ങളുടെ പ്രാർത്ഥന ആവശ്യം.

Gujarat Brethren Bible Institute
Plot.No.147,Sector.7
Gandhidham,Kutch,Gujarat. 370201.

# ചോദ്യം

സുവിശേഷകൻമാരെയും സാഹിത്യകാരൻമാരെയും ആദരിക്കുന്ന പ്രവണത നമ്മുടെയിടയിൽ വർദ്ധിച്ചുവരികയാണ്. ഇതിന്റെ സംഘാടകരും പങ്കെടുക്കുന്നവരും ഭൂരിഭാഗവും വചനപരിജ്ഞാനമുള്ളവരും പ്രമാണിമാരുമാണ്. ഇത്തരത്തിലുള്ള ആദരവുകൾ വചനപ്രകാരം ശരിയോ? മറുപടി പ്രതീക്ഷിക്കുന്നു.

(ഒരു സഹോദരൻ-കല്ലിശേരി)

ആദരിക്കുന്നത് വചനപ്രകാരം ശരിയല്ല. അത് ലോകമനുഷ്യരുടെ സ്വഭാവമാണ്. പ്രഗത്ഭരായവർ പങ്കെടുക്കുന്നു എന്നതുകൊണ്ട് ദൈവവചനപ്രകാരം ശരിയാവുകയുമില്ല. നമ്മുടെയിടയിലെ പല അനാചാരങ്ങളുടെയും വ്യക്താക്കൾ ഇത്തരത്തിലുള്ള പ്രമാണിമാരാണ്. ഇങ്ങനെയുള്ള ആദരവുകളെ നിരസിക്കുവാനുള്ള ചങ്കൂററം ഒരു സുവിശേഷകന് ഉണ്ടാകണം. ഗ്രീക്കും എബ്രായഭാഷയും എടുത്ത് അമ്മാനമാടുന്നവർക്കും പൗലോസിനെക്കുറിച്ച് വേദപുസ്തകത്തെക്കാൾ വലിപ്പമുള്ള പുസ്തകം എഴുതിയവർക്കും ഇതിനെക്കുറിച്ചറിവില്ലായെന്ന് പറയാൻ പററില്ല. അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും ഇങ്ങനെയുള്ളവർക്ക് ഒഴിവാക്കാൻ പററില്ലല്ലോ.

ഉദാഹരണമായി, ഈ വർഷത്തെ കുമ്പനാട് കൺവെൻഷനിലെ ഒരു പ്രസംഗകനും, പത്തനംതിട്ട കൺവെൻഷനിലെ രണ്ടു പ്രസംഗകരും **"ആരാധനാ ഗ്രൂപ്പിന്റെ"** അറിയപ്പെടുന്ന രണ്ടു വ്യക്താക്കളാണ്. ഇത് കമ്മററിക്കാർക്ക് അറിയാത്തതു കൊണ്ടല്ല. പ്രത്യുത ഇങ്ങനെയൊക്കെയേ നമ്മുടെയിടയിൽ നടക്കയുള്ളു.(SP)